പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 472 — 06.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. -യിൽ ഇ-ഗവേണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>" ലൂഡി ലൂയിസ്<br>" പി. സി. വിഷ്ണുനാഥ്<br>" വർക്കല കഹാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ ഇ-ഗവേണൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കി വരികയാണ്. കുറ്റമറ്റതും, കാര്യക്ഷമവും, സുതാര്യവുമായ ഭരണ സംവിധാനം ഏർപ്പെടുത്തുക എന്നതാണ് പ്രധാന ഉദ്ദേശ ലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് വഴി ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | വിവര സാങ്കേതിക വിദ്യയിൽ അധിഷ്ടിതമായ പരമാവധി സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1. ഇന്റർ നെറ്റ് മുഖേന ബസ്സുകളുടെ ടിക്കറ്റ് ഓൺ-ലൈൻ ആയി ബുക്ക് ചെയ്യാനുള്ള സൗകര്യം.<br>2. ബസ്സുകളുടെ സമയക്രമം മൊബൈൽ ഫോണിലൂടെ എസ്.എം.എസ്. ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യം<br>3. സർവ്വീസ് ഓപ്പറേഷനെ സംബന്ധിച്ച പൊതു വിവരങ്ങൾ വെബ് സൈറ്റിലൂടെ ലഭ്യമാക്കുന്നതിനുള്ള സൗകര്യം.<br>4. പുതിയ തലമുറ ഇ.ടി.എം. നടപ്പിലാക്കുന്നതോടെ കണ്ടക്ടറുടെ കൈവശമുള്ള ഇ.ടി.എം. ഇന്റർ നെറ്റുമായി ബന്ധിപ്പിച്ച് ബസ്സിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും, സീറ്റിന്റെ ലഭ്യത അറിയുവാനും കഴിയും.<br>5. ബസ്സിന്റെ വേഗത, സമയക്രമം എന്നിവ നിരീക്ഷിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും കഴിയുന്നതു മൂലം യാത്രക്കാർക്ക് സുരക്ഷിതവും, കൃത്യവുമായ സേവനം ലഭ്യമാക്കു വാൻ കഴിയും. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇ-ഗവേണൻസ് നടപ്പാക്കുന്നത് ? | (ഡി) | കെൽട്രോൺ, സി-ഡാക്ക് എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ